(സി) പി.എസ്.സി.-ക്ക് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) കൊല്ലം ജില്ലയിൽ സ്റ്റാഫ് നഴ്സിന്റെ അനുവദനീയമായ തസ്തികകൾ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 38 പേർക്ക് നിയമനം നൽകി.

(ബി) കാലതാമസം ഉണ്ടായിട്ടില്ല.

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 196 എണ്ണം

സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 195 എണ്ണം

ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം

27 (734) ശ്രീ. എം. എ. വാഹീദ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം എന്ന് മുതൽ ആരംഭിച്ചു വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി വർഷംതോറും എന്ത് തുക ചെലവാകും ;

(സി) ജനറിക് മരുന്നുകളുടെ വിതരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തെല്ലാം ;

(ഡി) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2008-09 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ആരോഗ്യ വകപ്പും ആരോഗ്യ വിദ്യാഭ്യാസ വകപ്പും സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകൾ സംഭരിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ മുഖേന പാവപ്പെട്ട രോഗികൾക്ക് വിതരണം ചെയ്യുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. അതിന് മുമ്പ് സെൻട്രൽ പർച്ചേസ് കമ്മിറ്റിയായിരുന്നു മരുന്നു വാങ്ങി നൽകിയിരുന്നത്. സർക്കാരിന്റെ ഒന്നാം വാർഷികാഘോഷം പ്രമാണിച്ച് സർക്കാർ ആശുപത്രികളിലൂടെ എല്ലാ ജനറിക് മരുന്നുകളും വിതരണം നടത്തുന്ന പദ്ധതിയുടെ ഒന്നാംഘട്ടം 2012 നവംബർ ഒന്നിന് ആരംഭിക്കുകയും 2013 ഒക്ടോബർ 2-ന് ഇത് എല്ലാ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. നിലവിൽ 771 ഇനം ജനറിക് മരുന്നുകളാണ് കോർപ്പറേഷന്റെ മരുന്നു പട്ടികയിൽ ഉള്ളത്.

(ബി) സംസ്ഥാന ആരോഗ്യ വകപ്പും ആരോഗ്യ വിദ്യാഭ്യാസ വകപ്പും നൽകുന്ന വാർഷിക ഇൻഡന്റ് പ്രകാരം പ്രതിവർഷം 200 കോടിയിലധികം രൂപയുള്ള ജനറിക് മരുന്നുകളാണ് കോർപ്പറേഷൻ മുഖേന സംഭരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ ആശുപത്രികൾ മുഖേന വിതരണം ചെയ്തു വരുന്നത്.

(സി) ടെണ്ടറിൽ വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾ, വിതരണത്തിൽ വീഴ്ച വരുത്തിയ മരുന്നുകൾ എന്നിവയുടെ വിതരണത്തിൽ നേരിയ കാലതാമസം നേരിട്ടിട്ടുണ്ട്. വിതരണക്കാരെ ലഭിക്കാത്ത മരുന്നുകളും കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മറ്റ് അവശ്യമരുന്നുകളും ആശുപത്രി തലത്തിൽ തന്നെ ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇൻഡന്റ് ക്വാണ്ടിറ്റി തീരുമാനിക്കുന്നതിലുണ്ടാകുന്ന അപാകതകളും ചിലപ്പോൾ പരാതികൾ ഉണ്ടാകാൻ കാരണമാകാറുണ്ട്.

(ഡി) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതും ആക്കി തീർക്കുന്നതിനായി ഇ-ടെണ്ടർ സംവിധാനം ആരംഭിച്ചുകഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷത്തെ ടെണ്ടർ നടപടികൾ യഥാസമയം കുറ്റമറ്റ നിലകളിൽ ചെയ്യാനായി മരുന്നു പട്ടിക പുനഃപരിശോധന ഉൾപ്പെടെയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.